# തിരുവനന്തപുരം വിദ്യാഭ്യാസ ജില്ല

WS2BY10 1(M)


## സ്റ്റാൻഡേർഡ് X
## ജീവശാസ്ത്രം യൂണിറ്റ്-1

**1. സംഭാഷണം വിശകലനം ചെയ്ത് ചോദ്യങ്ങൾക്കുത്തരം എഴുതുക.**





1. എന്താണ് ഉദ്ദീപനം?
2. ഉദ്ദീപനങ്ങൾ രണ്ട് തരം. അവ ഏതെല്ലാമെന്ന് ഉദാഹരണസഹിതം എഴുതുക.
3. എന്താണ് ഗ്രാഹികൾ?

**2. ചിത്രം തിരിച്ചറിയുക, പകർത്തിവരച്ച് ഭാഗങ്ങൾ അടയാളപ്പെടുത്തുക. പട്ടികയിൽ നൽകിയിരിക്കുന്ന ധർമ്മങ്ങൾക്ക് അനുയോജ്യമായി ഭാഗങ്ങൾ ക്രമപ്പെടുത്തുക.**




| ഭാഗം | ധർമ്മം |
|---|---|
| | ആവേഗങ്ങളെ കോശശരീരത്തിൽ എത്തിക്കുന്നു. |
| | തൊട്ടടുത്ത ന്യൂറോണിൽ നിന്ന് ആവേഗങ്ങളെ സ്വീകരിക്കുന്നു. |
| | നാഡീയപ്രേഷകം സ്രവിക്കുന്നു. |
| | ആവേഗങ്ങളെ സിനാപ്റ്റിക് നോബിൽ എത്തിക്കുന്നു. |
| | കോശശരീരത്തിൽനിന്ന് ആവേഗങ്ങളെ പുറത്തേക്ക സംവഹിക്കുന്നു . |

**3.ചിത്രം വിശകലനം ചെയ്ത് ചോദ്യങ്ങൾക്കുത്തരം എഴുതുക.**




a. A ,B തിരിച്ചറിഞ്ഞ് എഴുതുക.

b. A ,B തമ്മിലുള്ള ഒരു വ്യത്യാസം എഴുതുക.

c. മയിലിൻ ഷീത്തിന്റെ ധർമ്മം എഴുതുക.

d. ഗ്രേമാറ്റർ ,വൈറ്റ് മാറ്റർ എന്നിവ തമ്മിലുള്ള വ്യത്യാസം എഴുതുക .

**4. ഗീതുവിന്റെ സയൻസ് ഡയറിയിലെ രണ്ട് പ്രസ്താവനകൾ ചുവടെ ചേർക്കുന്നു. പ്രസ്താവനകൾ വിശകലനം ചെയ്ത് ജീവശാസ്ത്രക്ലാസ്സിലെ പ്രവർത്തനം പൂർത്തിയാക്കുവാൻ അവളെ സഹായിക്കുക.**


- ആക്സോണിന്റെ പ്ലാസ്മാസ്തരത്തിന്റെ ബാഹ്യഭാഗത്ത് പോസിറ്റീവ് ചാർജ്ജും ആന്തരഭാഗത്ത് നെഗറ്റീവ് ചാർജ്ജും നിലനില്ക്കുന്നു.
- നാഡികളിലൂടെ പ്രേക്ഷണം ചെയ്യുന്ന സന്ദേശങ്ങളാണ് ആവേഗങ്ങൾ .

A)




**A**
പ്ലാസ്മാസ്തരത്തിന് ഇരുവശങ്ങളിലായി വ്യത്യസ്ത ചാർജ്ജുകൾ നിലനില്ക്കുന്നതിന് കാരണം എന്ത്?

B)




**B**
ആവേഗങ്ങൾ രൂപപ്പെടുന്നതെങ്ങനെ?

C)



**C**
ആവേഗങ്ങൾ പ്രേക്ഷണം ചെയ്യപ്പെടുന്നതെങ്ങനെ?

**5. ചിത്രം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**





a. ചിത്രം തിരിച്ചറിയുക.

b. A, B, C D എന്നിവ തിരിച്ചറിഞ്ഞെഴുതുക.

c. 'C 'ക്ക് രണ്ട് ഉദാഹരണം എഴുതുക


d. ആവേഗങ്ങൾ A യിൽ നിന്ന് B യിലേക്ക് മാത്രമേ പ്രേക്ഷണം ചെയ്യപ്പെടുകയുള്ളൂ. എന്തുകൊണ്ട്?

6 .ചിത്രം തിരിച്ചറിഞ്ഞ് പട്ടിക പൂർത്തിയാക്കുക.





| A | പ്രത്യേകത | ധർമ്മം |
|---|---|---|
| B | C | ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സന്ദേശങ്ങൾ മസ്തിഷ്കത്തിലേക്കും സുഷുമ്നയിലേക്കും എത്തിക്കുന്നു. |
| D | പ്രേരക നാഡീതന്തുക്കൾ ചേർന്നുണ്ടാകുന്നു | E |
| F | G | തലച്ചോറ്, സുഷുമ്ന എന്നിവയിലേക്കും തിരിച്ചുമുള്ള സന്ദേശങ്ങളുടെ വിനിമയം സാധ്യമാക്കുന്നു. |

7. ചിത്രീകരണം പൂർത്തിയാക്കുക.




8. മനുവിന്റെ ചിന്ത വിശകലനം ചെയ്ത് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഹെൽമറ്റ് ധരിക്കൂ
ജീവൻ സംരക്ഷിക്കൂ





tvpm edul dist

**a.** മസ്തിഷ്കം സംരക്ഷിക്കപ്പെട്ടിരിക്കുന്നതെങ്ങനെ?

**b.** മതു സൂചിപ്പിച്ചിരിക്കുന്ന ദ്രവത്തിൻെറ മറ്റ് ധർമ്മങ്ങൾ എന്തെല്ലാം?


**9.** ചിത്രം പകർത്തിവരച്ച് നൽകിയിരിക്കുന്ന സൂചനകൾ ഉപയോഗിച്ച് ഭാഗങ്ങൾ അടയാളപ്പെടുത്തുക.



**സൂചനകൾ**

**i.** അനൈച്ഛികപ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു.
**ii.** ശരീരതുലനനില പാലിക്കുന്നു .
**iii.** ഇന്ദ്രിയാനുഭവങ്ങൾ ഉളവാക്കുന്നു.
**iv.** ആവേഗ പുനപ്രസരണകേന്ദ്രമായി പ്രവർത്തിക്കുന്നു.
**v.** ആന്തരസമസ്ഥിതി പരിപാലിക്കുന്നു.

**10. A.** ചിത്രം തിരിച്ചറിഞ്ഞ് ബോക്സിൽ നൽകിയിരിക്കുന്ന സൂചനകൾ ഉപയോഗിച്ച് ഭാഗങ്ങളുടെ പേരെഴുതുക.



**a)** സംവേദ ആവേഗങ്ങളെ ശരീരത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നും സുഷുമ്നയിലേക്ക് എത്തിക്കുന്നു.
**b)** പ്രേരക ആവേഗങ്ങളെ സുഷുമ്നയിൽനിന്ന് പുറത്തേയ്ക്ക് വഹിക്കുന്നു.
**c)** സെറിബ്രോസ്പൈനൽ ദ്രവം കാണപ്പെടുന്നു.
**d)** മയലിൻഷീത്തില്ലാത്ത ആക്സോണുകൾ ധാരാളമായി കാണപ്പെടുന്ന ഭാഗം.

**B.** സുഷുമ്നയുടെ സംരക്ഷണവും ധർമ്മവുമെഴുതുക.

**11.** ‘ കാലിൽ മുള്ള് കൊണ്ടപ്പോൾ കാൽ പെട്ടെന്ന് പിൻവലിച്ചു ’.

**a.** ഇവിടെ സൂചിപ്പിച്ചിരിക്കുന്ന പ്രവർത്തനത്തിൻെറ പേരെഴുതുക.

**b.** ഇത്തരം പ്രവർത്തനങ്ങളിലെ ആവേഗങ്ങളുടെ സഞ്ചാരപാതയുടെ പേരെഴുതുക. നൽകിയിരിക്കുന്ന ഫ്ളോചാർട്ട് പൂർത്തിയാക്കുക.

ഉദ്ദീപനം → i → സംവേദനാഡി → ii → പ്രേരകനാഡി → iii

**c.** ചുവടെ നൽകിയിരിക്കുന്ന പദജോഡി ബന്ധം തിരിച്ചറിഞ്ഞ് പൂരിപ്പിക്കുക.

ചൂടുള്ള വസ്തുവിൽ തൊടുമ്പോൾ നാം കൈ പിൻവലിക്കുന്നു : സ്പൈനൽ റിഫ്ളക്സ്.

**i.** കണ്ണിൽ പെട്ടെന്ന് പ്രകാശം പതിക്കുമ്പോൾ നാം കണ്ണ് ചിമ്മുന്നു: .............

**12.** ചുവടെ നൽകിയിരിക്കുന്ന സാഹചര്യം വിശകലനം ചെയ്ത് ഉത്തരം എഴുതുക.



**ശരീരത്തിൽ ഉണ്ടാകുന്ന ചില പ്രവർത്തനങ്ങളുടെ സഹായത്താൽ ഇത്തരം സാഹചര്യത്തെ നാം അതിജീവിക്കുന്നു.**

**i.** പെരിഫറൽ നാഡീവ്യവസ്ഥയുടെ ഏത് ഭാഗമാണ് ഇത്തരം പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത്?

**ii.** രാജുവിന്റെ ശരീരത്തിലുണ്ടായ ചില പ്രവർത്തനങ്ങൾ ചുവടെ നൽകിയിരിക്കുന്നു. വിശകലനം ചെയ്ത് ഉചിതമായ തലക്കെട്ട് നൽകി പട്ടിക തയ്യാറാക്കുക.

a. കണ്ണിലെ പ്യൂപ്പിൾ വികസിക്കുന്നു.
b ഉമിനീർ ഉൽപ്പാദനം കൂടുന്നു.
c. ഹൃദയമിടിപ്പ് കൂടുന്നു.
d. ആമാശയ പ്രവർത്തനങ്ങൾ സാധാരണ നിലയിലാകുന്നു.
e. കുടലിലെ പെരിസ്റ്റാൾസിസ് മന്ദീഭവിക്കുന്നു.
f. ഗ്ളൂക്കോസിനെ ഗ്ലൈക്കോജനാക്കി മാറ്റുന്നു.

**13. നാഡീവ്യവസ്ഥയുടെ തകരാറുകളുമായി ബന്ധപ്പെട്ട പട്ടിക ഉചിതമായി പൂർത്തിയാക്കുക.**

| തകരാറുകൾ | കാരണം | ലക്ഷണം |
|---|---|---|
| അൽഷിമേഴ്സ് | A | കേവല ഓർമ്മകൾ പോലുംഇല്ലാതാവുക, ദിനചര്യകൾ പോലും ചെയ്യാൻ കഴിയാതെ വരുക |
| B | തലച്ചോറിൽ ഡോപമിൻ എന്ന നാഡീയപ്രേഷകത്തിന്റെ ഉൽപാദനം കുറയുന്നു. | C |
| അപസ്മാരം | D | E |

tvpm edn dist